# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER 27 | 2016 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com

**ആയുർവേദ ചികിത്സ തേടിയെത്തുന്ന അയ്യപ്പൻമാരുടെ എണ്ണത്തിൽ വൻ വർധന**

ശബരിമല: സന്നിധാനത്ത് പ്രവർത്തിക്കുന്ന ആയുർവേദ ആശുപത്രിയിൽ ഈ സീസണിൽ ഇതുവരെ 8331 അയ്യപ്പൻമാർ ചികിത്സതേടി. ഭൂരിഭാഗം പേരും പൊടി അലർജി, ജലദോഷ സംബന്ധമായ രോഗങ്ങൾ, ചുമ, ചെറിയ രീതിയിലുള്ള ഉളുക്ക്, ചതവ് എന്നിവയ്ക്കാണ് ചികിത്സ തേടിയെത്തുന്നത്. മെഡിക്കേറ്റഡ് ഇൻഹലേഷൻ, ഇൻഫ്രാറെഡ് റേഡിയേഷൻ, മർമം മാനിപ്പുലേറ്റീവ് തെറാപ്പി എന്നിവ ഇതിനകം തന്നെ നിരവധി പേർക്ക് ആശ്വാസമേകി കഴിഞ്ഞു. മെഡിക്കേറ്റഡ് ഇൻഹലേഷന് വേണ്ടി വളരെ നീണ്ട ക്യൂ കാണാൻ കഴിയുന്നുണ്ട്. ചാർജ് മെഡിക്കൽ ഓഫീസർ ഡോ. ആർ. അനിൽകുമാർ, ഡോ. രാമചന്ദ്രൻ, ഡോ.സുരേഷ്, ഡോ. ഹരികുമാർ, ഡോ. സിന്ധുൽ എന്നിവരടങ്ങിയെ സംഘത്തോടൊപ്പം തെറാപ്പിസ്റ്റ് ഉൾപ്പെടെ പാരാമെഡിക്കൽ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്.

**ഇൻഫർമേഷൻ ഓഫീസിന്റെ പ്രവർത്തനം 24 മണിക്കൂറും**

ശബരിമല: ശബരിമല ശ്രീ അയ്യപ്പ സ്വാമിക്ഷേത്ര സന്നിധിയിലുള്ള ദേവസ്വം ഇൻഫർമേഷൻ ഓഫീസ് 24 മണിക്കൂറും പ്രവർത്തിക്കുന്നു. ശബരിമലയെപ്പറ്റിയുള്ള ഭക്തജനങ്ങളുടെ നേരിട്ടും ടെലിഫോണിലൂടെയുമുള്ള എല്ലാവിധ അന്വേഷണങ്ങൾക്കും, സംശയങ്ങൾക്കും മറുപടിനൽകുക, അയ്യപ്പഭക്തന്മാർ അറിഞ്ഞിരിക്കേണ്ടതും, അനുഷ്ഠിക്കേണ്ടതുമായ എല്ലാവിധ ആചാരാനുഷ്ഠാനങ്ങളും, സുഗമമായ ദർശനത്തിന് ആവശ്യമായ അറിയിപ്പുകളും നൽകുക, അമ്പലത്തിലെ വഴിപാടുകളുടെ വിവരവും, സന്നിധാനത്തും പമ്പയിലും ലഭിക്കുന്ന സൗകര്യങ്ങളും മറ്റും വിവിധ ഭാഷകളിൽ ഉച്ചഭാഷിണിയിലുടെ ഭക്തർക്ക് അറിയിപ്പുകൾ നൽകുക, അപ്പപ്പോൾ അതാതുവകുപ്പുകൾ നൽകുന്ന വിവരങ്ങൾ അനൗൺസ് ചെയ്യുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

കൂടാതെ കളഞ്ഞുകിട്ടുന്ന രൂപ, സാധനങ്ങൾ എന്നിവ രജിസ്റ്റർ പരിപാലിച്ചു അക്കൗണ്ട് ചെയ്യുകയും, അത് ഉച്ചഭാഷിണിയിലുടെ അറിയിച്ച് ഉടമസ്ഥനെ വരുത്തി

ഏല്ലപ്പിക്കുക, കൂട്ടം പിരിഞ്ഞവർക്ക് കുടെ ഉണ്ടായിരുന്നവരെകണ്ടുപിടിക്കാനുള്ള സഹായം ചെയ്യുക എന്നിവയും ചെയ്യുന്നുണ്ട്. ക്ഷേത്രനട രാവിലെ തുറക്കുമ്പോഴും, ഉച്ചക്ക് അടച്ച് വൈകിട്ടു തുറക്കുമ്പോഴും, രാത്രി തിരുനടയടക്കുമ്പോഴും യഥാക്രമം ''വന്ദേ വിഘ്നേശ്വരം.....'', ''ശ്രീകോവിൽ നടതുറന്നു......'', ''ഹരിവരാസനം.....'' എന്നീ പാട്ടുകൾ കേൾപ്പിക്കുക, വാർത്തകൾ നൽകുക എന്നിവയും സന്നിധാനം പബ്ളിസിറ്റി ഓഫീസിൽ നിന്നും നടത്തിവരുന്നു.

തമിഴ്, തെലുങ്ക്, കന്നഡ, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ അറിയിപ്പുകൾ നൽകാൻ ബംഗളൂരു സ്വദേശി ശ്രീനിവാസും, മലയാളത്തിൽ മാത്രം അനൗൺസ് ചെയ്യാൻ ഗോപാലകൃഷ്ണനും ഉണ്ട്. കൂടാതെ തീർത്ഥാടന തിരക്കു കുടുന്നതോടെ തെലുങ്ക് അനൗൺസർ മഹേഷും (തെലുങ്കാന), തമിഴ് അനൗൺസർ ബാലകൃഷ്ണനും (ചെന്നൈ) എത്തിച്ചേരും. വലിയ നടപന്തലിലുള്ള ഈ ആഫീസിന്റെ ചുമതല ദേവസ്വം പിആർഒ മുരളി കോട്ടയ്ക്കകത്തിനാണ്. അസിസ്റ്റന്റ് സ്പെഷ്യൽ ഓഫീസറായി ശിവകുമാറും, മനോജും സേവനമനുഷ്ഠിക്കുന്നു. സ്ഥിരം ജീവനക്കാരും, താൽക്കാലിക സ്റ്റാഫുകളുമായി പതിനഞ്ചോളം ഉദ്യോഗസ്ഥർ ദേവസ്വം പിആർഒ ഓഫീസിൽ സേവനമനുഷ്ഠിക്കുന്നു. പമ്പയിലും പബ്ളിസിറ്റി ഓഫീസ് പ്രവർത്തിക്കുന്നുണ്ട്.

## ശുചീകരണത്തിനു റാപ്പിഡ് ആക്ഷൻ ഫോഴ്സിന്റെ പുതിയ പദ്ധതി

ശബരിമല: പുണ്യം പൂങ്കാവനം പദ്ധതിയുടെ ഭാഗമായി സന്നിധാനവും പരിസരങ്ങളും വൃത്തിയാക്കുന്നതിനു വേണ്ടി റാപ്പിഡ് ആക്ഷൻ ഫോഴ്സ് പുതിയ പദ്ധതി നടപ്പിലാക്കിത്തുടങ്ങി. ഇതിന്റെ ഭാഗമായി കോയമ്പത്തുരിലുള്ള ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും എല്ലാ ശനിയാഴ്ച വൈകുന്നേരങ്ങളിലും 100 സേനാംഗങ്ങൾ അടങ്ങുന്ന സംഘം സന്നിധാനത്തെത്തുകയും ഞായറാഴ്ച രാവിലെ 3 മുതൽ 4 മണിക്കൂർ വരെ ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യും. ഈ പുതിയ പദ്ധതി ഇന്നു മുതൽ നടപ്പിലാക്കിത്തുടങ്ങി. കൊപ്രാക്കളം, ബെയ്ലിബ്രിഡ്ജ്, പാണ്ടിത്താവളം എന്നിവിടങ്ങൾ ഇന്ന് ശുചിയാക്കാനാണ് ആർ.എ.എഫ് ലക്ഷ്യമിടുന്നതെന്ന് ഡെപ്യൂട്ടി കമാണ്ടന്റ് (ഓപ്പറേഷൻസ്) മധു.ജി നായർ പറഞ്ഞു.

## അയ്യപ്പ ഭക്തന്മാരെ കബളിപ്പിച്ച് പണം തട്ടാൻ ശ്രമിച്ചയാൾ പിടിയിൽ

ശബരിമല:അയ്യപ്പ ഭക്തന്മാരെ തെറ്റിദ്ധരിപ്പിച്ച് പണം തട്ടാൻ ശ്രമിച്ച ആന്ധ്ര സ്വദേശിയെ സന്നിധാനം പോലീസ് അറസ്റ്റ് ചെയ്തു. ആന്ധ്രാപ്രദേശ് ഈസ്റ്റ് ഗോദാവരി ജില്ലയിലെ കാക്കിനാട സ്വദേശി അച്ചിരാജു (62) ആണ് അറസ്റ്റിലായത്. മാളികപ്പുറത്തിനു സമീപം ബാനർകെട്ടി ഭക്തരിൽ നിന്നും സംഭാവന സ്വീകരിക്കാൻ ശ്രമിക്കുകയായിരുന്നു അച്ചിരാജു. അന്നദാനം, പൂജ, മറ്റു വഴിപാടുകൾ എന്നിവ നടത്തിക്കൊടുക്കും എന്ന് തെറ്റിദ്ധരിപ്പിച്ചാണ് ഇയാൾ തട്ടിപ്പ് നടത്തിയതെന്ന് സന്നി ധാനം പോലീസ് അറിയിച്ചു. പ്രതിയെ ഇന്ന് കോടതിയിൽ ഹാജരാക്കും.

## ഇന്നലെ ചികിത്സ തേടിയത് 117 പേർ

ശബരിമല: സന്നിധാനത്തെ സഹാസ് കാർഡിയോളജിയിൽ ഇന്നലെ രാത്രി പന്ത്രണ്ട് മണിവരെ 117 പേർ ചികിത്സ തേടി. 110 പുരുഷൻമാരും 7 സ്ത്രീകളുമാണ് ചികിത്സ തേടിയെത്തിയത്. ഉദരസംബന്ധമായി 19 പേരും നാഡിരോഗ സംബന്ധമായി 14 പേരും വാസ്കൂലാർ സംബന്ധമായി 32 പേരും ശ്വാസകോശ സംബന്ധമായി 22 പേരും മറ്റ് അസുഖങ്ങൾക്കായി 30 പേരും ചികിത്സ തേടി. സന്നിധാനത്ത് പ്രവർത്തിക്കുന്ന സോപനം ക്ലിനിക്കിൽ 39 പേർ ചികിത്സ തേടിയതായും സഹാസ് കാർഡിയോളജി ചീഫ് മെഡിക്കൽ ഓഫീസർ ഒ.വാസുദേവ് അറിയിച്ചു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER 27 | 2016 |
|---|---|

## ശബരിമല പത്രക്കുറിപ്പ്-2



ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com


### ടോയ്ലറ്റിന് അധികതുക: 5000 രൂപ പിഴയിട്ടു

ശബരിമല: നിലയ്ക്കലിൽ അയ്യപ്പൻമാരിൽ നിന്നും ടോയ്ലറ്റ് ചാർജിന് അധിക തുക ഈടാക്കിയത് പിടികൂടി. 288-ാം നമ്പർ ടോയ്ലറ്റ് കോൺട്രാക്ടർ അജീഷിന് 5000 രൂപ പിഴയിട്ടു. നിലയ്ക്കൽ എക്സിക്യൂട്ടീവ് ഓഫീസർ കെ.കെ.ദിവാകരന്റെ നേതൃത്വത്തിലുള്ള സംഘമാണ് ഇയാളെ പിടികൂടിയത്. മൂന്ന് രൂപയ്ക്ക് പകരം അഞ്ച് രൂപയാണ് ഇയാൾ ഈടാക്കിയിരുന്നത്. ഡപ്യൂട്ടി തഹിൽസിദാർ ജോസ്.കെ. ഈപ്പൻ, സോമരാജ്, ദിനേഷ് കുമാർ, മനോജ് എന്നിവരടങ്ങിയ സംഘമാണ് പരിശോധന നടത്തിയത്.

### അയ്യപ്പൻമാരുടെ ആരോഗ്യസുരക്ഷയ്ക്ക് വിപുലമായ സജ്ജീകരണങ്ങൾ

ശബരിമല: ശബരിമലയിൽ എത്തുന്ന ഭക്തരുടെ ദർശനം സുഗമവും ആരോഗ്യകരവും ആക്കുന്നതിന് സർക്കാരും വിവിധ വകുപ്പുകളും ദേവസ്വംബോർഡും വിപുലമായ സജ്ജീകരണങ്ങൾ ആണ് പമ്പ മുതൽ സന്നിധാനം വരെയുള്ള പാതയിൽ ഒരിക്കിയിരിക്കുന്നത്. പമ്പ, നീലിമല, അപ്പാച്ചിമേട് എന്നിവിടങ്ങളിൽ കാർഡിയോളജി വിഭാഗം ഉൾപ്പെടെ ഉള്ള ആശുപത്രിയും ചരൽമേട്ടിൽ ഡിസ്പെൻസറിയും പ്രവർത്തിക്കുന്നു. സർക്കാർ തലത്തിൽ മോഡേൺമെഡിസിന് പുറമേ ആയുർവേദ, ഹോമിയോപ്പതി വിഭാഗങ്ങളും പമ്പയിലും സന്നിധാനത്തും പ്രവർത്തിക്കുന്നു. ഇവയ്ക്ക് പുറമേ സന്നിധാനത്ത് സഹാസ് കാർഡിയോളജി ആശുപത്രി, എൻ എസ് എസ് ആശുപത്രി, ആയ്യപ്പസേവാസംഘം ഡിസ്പെൻസറി, പമ്പയിൽ അമൃത, അപ്പോളോ ആശുപത്രികൾ എന്നിവയും ഭക്തർക്ക് വിദഗ്ധ സേവനം നൽകുന്നു. പമ്പ മുതൽ സന്നിധാനം വരെയുള്ള പാതയിൽ അടിയന്തര ഘട്ടത്തിൽ പ്രാഥമികശുശ്രൂഷയും ഓക്സിജനും നൽകുന്നതിനുള്ള എമർജൻസി മെഡിക്കൽ സെന്ററുകളും ഉണ്ട്. അടിയന്തിര വൈദ്യസഹായത്തിന് 04735-202080 എന്ന നമ്പരിൽ ബന്ധപ്പെടുക.

### പ്രമേഹരോഗികൾ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ആരോഗ്യവിദഗ്ധർ

ശബരിമല: പ്രമേഹം, ഹൃദ്രോഗം, ശ്വാസകോശരോഗം, രക്തസമ്മർദം ഇവ

ഉള്ളവരും, സ്ഥിരമായി മരുന്നുകൾ കഴിക്കുന്നവരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് സഹാസ് കാർഡിയോളജി ചീഫ് മെഡിക്കൽ ഓഫീസർ ഒ.വാസുദേവ് അറിയിച്ചു. കഴിക്കുന്ന മരുന്നുകളുടെ അളവും ഇൻസുലിൻ എടുക്കുന്നവരും അതിന്റെ ഡോസും പ്രത്യേകം ക്രമപ്പെടുത്തേണ്ടതായിവരും. മല കയറാൻ വ്രതം എടുക്കുന്നതോടൊപ്പം തങ്ങളുടെ ഡോക്ടറെകണ്ട് പരിശോധന നടത്തി ലഭിക്കുന്ന നിർദേശങ്ങൾ അനുസരിക്കേണ്ടാതാണ്.

വ്രതവും മലകയറ്റവും നടത്തുമ്പോൾ പ്രമേഹം, രക്ത സമ്മർദം, എന്നിവക്കുള്ള മരുന്നുകൾ ഒഴിവാക്കുന്നത് അപകടകരമാണ്. മലകയറുമ്പോൾ രക്തത്തിലെ പഞ്ചസാരയുടെ അളവിൽ വ്യതിയാനം വരാനും രക്തസമ്മർദം കുറയാനും നെഞ്ചിടിപ്പ് കൂടാനും സാധ്യതയുണ്ട് അതുകൊണ്ട് കഴിക്കുന്ന മരുന്നുകളുടെ അളവിൽ ക്രമീകരണം ആവശ്യമായിവരും. ആസ്മപോലുള്ള അസുഖങ്ങൾ ഉള്ളവരും പ്രത്യേകം ശ്രദ്ധിക്കണം. ശ്വസിക്കുന്നതിനുള്ള മരുന്നുകളും ഗുളികകളും കൂടെ കരുതേണ്ടതാണ്. വ്രതം തുടങ്ങുതോടൊപ്പം വ്യായാമം കൂടി തുടങ്ങിയാൽ മലകയറ്റം അനായാസമാകും.

യാത്രക്കിടയിൽ തലകറക്കം, ഛർദ്ദി ഇവ മുൻപേ അനുഭവപ്പെട്ടിട്ടുള്ളവർ അതിനുള്ള മരുന്നുകൂടി കരുതണം. ഛർദ്ദിക്കുള്ള മരുന്ന് യാത്ര പുറപ്പെടുന്നതിനു അര മണിക്കൂർ മുൻപെങ്കിലും കഴിച്ചിരിക്കണം.

## <u>മലകയറുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ</u>

1. മലകയറുന്നതിനുള്ള ഇരുമുടിയിലും സഞ്ചിയിലും ആവശ്യത്തിനുള്ള സാധനങ്ങൾ മാത്രം കരുതുകവഴി ഭാരംകുറയ്ക്കുന്നതിനും മലകയറ്റം അനായസമാക്കുന്നതിനും സാധിക്കും.
2. മലകയറ്റം ആരംഭിക്കുന്നതിനുമുൻപ് ലഘുവായ ഭക്ഷണം മാത്രം കഴിക്കുക
3. കൂട്ടത്തിൽ കുട്ടികൾ ഉണ്ടെങ്കിൽ അവരുടെ കൈയിൽ പേര്, മുഴുവൻ മേൽവിലാസം, കൂടെയുള്ളവരുടെ ഫോൺനമ്പർ, വീട്ടിലെ നമ്പർ ഇവയുള്ള ടാഗ് കെട്ടുക.
4. എന്തെങ്കിലും ശാരീരിക അസ്വസ്ഥത അനുഭവപ്പെടുകയാണെങ്കിൽ പമ്പയിലുള്ള ആശുപത്രിയിൽ ഡോക്ടറെ കണ്ട് പരിശോധന നടത്തി ലഭിക്കുന്ന നിർദേശം അനുസരിക്കുക. തുടർച്ചയായി മരുന്നുകൾ കഴിക്കുന്നവരും പ്രമേഹം, ഹൃദ്രോഗം, രക്ത സമ്മർദം, ആസ്മ മുതലായ അസുഖങ്ങൾ ഉള്ളവരും പമ്പയിലെ ആശുപത്രിയിൽ എത്തി ഡോക്ടറെകണ്ട് പരിശോധന നടത്തി ഉപദേശം തേടുക. രക്തസമ്മർദ്ദവും പഞ്ചസാരയുടെ അളവും പരിശോധിക്കാവുന്നതാണ്. മലകയറുമ്പോൾ ഇടയ്ക്ക് ഒരുക്കിയിട്ടുള്ള സ്ഥലങ്ങളിൽ വിശ്രമിക്കുക. സാവധാനം മലകയറുക. കുട്ടികളോടൊപ്പം എത്താൻ ഓടരുത്.
5. കുട്ടികളെ തനിയെ വിടരുത്. ഓടാൻ അനുവദിക്കരുത്.
6. വിശ്രമം എടുക്കുന്നതോടൊപ്പം ശുദ്ധമായ വെള്ളം മതിയായ അളവിൽ കുടിക്കാൻ ശ്രദ്ധിക്കുക, തിളപ്പിച്ചാറിയ വെള്ളമാണെങ്കിൽ നന്ന്.
7. മലകയറ്റത്തിനിടയിൽ അമിതമായ തളർച്ച നെഞ്ചിടിപ്പ് വിയർപ്പ്, ശ്വാസം മുട്ടൽ, നെഞ്ചുവേദന ഇവ അനുഭവപ്പെട്ടാൽ ഉടൻ തന്നെ അവിടെ ഇരുന്ന ശേഷം ടോൾ ഫ്രീ നമ്പർ വഴിയോ ഏറ്റവും അടുത്തുള്ള ഇ.എം.സിയിൽനിന്നോ വൈദ്യ സഹായം തേടുക.
8. മുട്ടിനു വേദന ഉള്ളവർക്ക് ക്നീ ക്യാപ് പോലുള്ളവ ധരിക്കാവുന്നതാണ്.
9. സന്നിധാനത്ത് എത്തികഴിഞ്ഞാൽ ആവശ്യമെങ്കിൽ ആശുപത്രിയിൽ എത്തി പരിശോധന നടത്തിയ ശേഷം പടി കയറാവുന്നതാണ്. വരിയിൽ നീണ്ടേനേരം നിന്ന ശേഷം പടികയറുമ്പോൾ മുതിർന്നവർക്കും, രക്തസമ്മർദം, ഹൃദ്രോഗം തുടങ്ങിയവ ഉള്ളവർക്കും നെഞ്ചിടിപ്പും തളർച്ചയും തലകറക്കവും അനുഭവപ്പെടാറുണ്ട്. അത് വകവയ്ക്കാതെ ദർശനം തുടർന്നാൽ ഹൃദയാഘാതം പോലുള്ള സങ്കീർണതകളിലേക്ക് പോകാം. അതുകൊണ്ട് തിരുമുറ്റത്ത് കൊടിമരച്ചുവട്ടിൽ ക്രമീകരിച്ചിരിക്കുന്ന സഹാസ് കാർഡിയോളജിയുടെ പ്രത്യേക ക്ലിനിക്കിൽ പരിശോധന നടത്തിയ ശേഷം ദർശനം തുടരുക.

## മദ്യപസംഘം പിടിയിൽ

ശബരിമല: മദ്യപിച്ച് ദർശനത്തിനെത്തിയ എട്ട് മലയാളികളെ സന്നിധാനം നടപ്പന്തലിൽ വെച്ച് പോലീസ് അറസ്റ്റ് ചെയ്തു. കൊല്ലം, പത്തനംതിട്ട സ്വദേശികളാണ് എല്ലാവരും. വ്രതമെടുത്ത് മലചവിട്ടുന്ന ഭക്തന്മാർക്ക് അപമാനമായി മദ്യപസംഘങ്ങളുടെ വരവ് മാറിയിട്ടുണ്ട്. മദ്യപസംഘങ്ങളെ കർശനമായി നേരിടുമെന്ന് സന്നിധാനം എസ്.ഐ അശ്വിത്ത് എസ്. കാരാൺമയിൽ പറഞ്ഞു.

## അന്യസംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ പരിശോധന

ശബരിമല: ശബരമലയിലും സന്നിധാനത്തും വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന അന്യസംസ്ഥാനക്കാർക്ക് ആരോഗ്യ പരിശോധന നടത്തുന്നു. ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കയക്കുകയാണ് ചെയ്യുന്നത്. മലമ്പനി, മന്ത് ഉൾപ്പെടെയുള്ള രോഗപരിശോധന നടത്തുന്നുണ്ട്. ഇതുവരെ 86 പേരുടെ പരിശോധനയിൽ ആർക്കും രോഗമുള്ളതായി സ്ഥിരീകരിച്ചിട്ടില്ല. പ്രധാനമായും ഹോട്ടൽ തൊഴിലാളികളെയാണ് പരിശോധനയ്ക്ക് വിധേയമാക്കുന്നതെന്ന് ഹെൽത്ത് ഇൻസ്പെക്ടർ കെ.കെ. സന്തോഷ് പറഞ്ഞു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.